# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 27**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## നവീകരിച്ച അക്വാട്ടിക് കോംപ്ലക്സ്, സ്പ്ലാഷ് പദ്ധതി സംസ്ഥാനതല ഉദ്ഘാടനം 30 ന്

തൃശൂരിൽ നവീകരിച്ച നീന്തൽക്കുള സമുച്ചയത്തിന്റെ സ്പ്ലാഷ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ജൂൺ 30 രാവിലെ ഒൻപതിന് വ്യവസായ-കായിക വകുപ്പ് മന്ത്രി ഇ പി ജയരാജൻ നിർവഹിക്കും. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അദ്ധ്യക്ഷത വഹിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നവീകരിച്ച ഹോസ്റ്റൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്യും. ടി എൻ പ്രതാപൻ എംപി, അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ, തൃശൂർ കോർപ്പറേഷൻ മേയർ അജിത വിജയൻ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് മേഴ്സിക്കുട്ടൻ എന്നിവർ മുഖ്യാതിഥികളായിരിക്കും. ജില്ലാ കളക്ടർ ടി വി അനുപമ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡണ്ട് ഒ കെ വിനീഷ്, വാർഡ് കൗൺസിലർ സമ്പൂർണ്ണ, കേരള അക്വാട്ടിക് അസോസിയേഷൻ സെക്രട്ടറി സതികുമാരി എന്നിവർ ആശംസ നേരും. കായിക യുവജനകാര്യാലയം അഡീഷണൽ ഡയറക്ടർ ബി അജിത്കുമാർ റിപ്പോർട്ട് അവതരിപ്പിക്കും. കായിക-യുവജനകാര്യ വകുപ്പ് ഡയറക്ടർ സഞ്ജയകുമാർ സ്വാഗതവും ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡണ്ട് ബിന്നി ഇമ്മിട്ടി നന്ദിയും പറയും.

## ഭിന്നശേഷിക്കാർക്ക് താങ്ങായി കല്ലേറ്റുംകര എൻഐപിഎംആർ

ജീവിതയാത്രയിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും തണലാവുകയാണ് ഇരിങ്ങാലക്കുട കല്ലേറ്റുംകരയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ സെന്റർ (എൻഐപിഎംആർ). ഭിന്നശേഷിക്കാരായ കുട്ടികളുടെ പുനരധിവാസം ലക്ഷ്യമാക്കി സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം സാമ്പത്തിക ബുദ്ധിമുട്ടിനാൽ ചികിത്സ വഴിമുട്ടിപ്പോകുന്നവർക്ക് കൈത്താങ്ങാവുകയാണ്.

ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുകയും അവർക്ക് വേണ്ട കരുതൽ ഒരുക്കുകയും ചെയ്യുന്ന ജില്ലയിലെ മികച്ച സ്ഥാപനമായി എൻഐപിഎംആർ മാറിക്കഴിഞ്ഞു. അത്യാധുനിക ചികിത്സാ സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരുക്കുന്നത്. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. വിവിധതരം തെറാപ്പികളിലൂടെയാണ് ചികിത്സാ ഒരുക്കുന്നത്. ജന്മനാ ഉണ്ടാകുന്ന ശാരീരിക വൈകല്യങ്ങൾക്കും, ശാരീരിക ചലനങ്ങളെ ബാധിക്കുന്ന പരിക്ക് മൂലമുള്ള പ്രശ്നങ്ങൾക്കുമായി കുട്ടികൾക്കും മുതിർന്നവർക്കും ഫിസിയോതെറാപ്പി വിഭാഗത്തിൽ പ്രത്യേക ചികിത്സകൾ ലഭ്യമാണ്. രോഗസംബന്ധമായ പ്രശ്നങ്ങൾക്കൊണ്ട് ബുദ്ധിമുട്ടുന്നവർക്കും ഭിന്നശേഷിക്കാർക്കും ഒക്യുപേഷണൽ തെറാപ്പിയിലൂടെ സാധാരണ ജീവിതം നയിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകിവരുന്നു. ഓട്ടിസം കുട്ടികൾക്കായി സർക്കാരിന്റെ പ്രത്യേക പദ്ധതിയായ ആർഎആർആർസി പ്രകാരമുള്ള ചികിത്സാ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. ബിഹേവിയറൽ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ ആർഎആർആർസിയുടെ ഭാഗമായി നടത്തുന്നു. ശ്രുതിതരംഗം പദ്ധതിയിലൂടെയാണ് കേൾവി സംബന്ധമായ പ്രശ്നങ്ങൾക്ക് ചികിത്സാ നൽകുന്നത്. സംസാരശേഷിയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾക്ക് സ്പീച്ച്

തെറാപ്പിയിലൂടെയാണ് ചികിത്സാ ഒരുക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാൻ സ്പെഷ്യൽ ട്രാൻസിഷൻ സ്കൂൾ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. ചികിത്സയുടെ ഭാഗമായി കാഴ്ച, മണം, സ്പർശം, കേൾവി തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങളെ സാധ്യമാക്കുന്നതിന് സെൻസറി ഗാർഡൻ ഒരുക്കിയിട്ടുണ്ട്. സ്ഥാപനത്തിൽ ചികിത്സക്കായി എത്താൻ കഴിയാത്തവർക്കും ബഡ്സ് സ്കൂളുകൾക്കുമായി റിഹാബ് ഓൺ വീൽസ് പദ്ധതിയിലൂടെ സഞ്ചരിക്കുന്ന തെറാപ്പി യൂണിറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

രോഗശ്രുശ്രൂഷക്ക് പുറമെ വിവിധ സേവനങ്ങളും എൻഐപിഎംആറിന്റെ കീഴിൽ ലഭ്യമാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഓട്ടിസം, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങി രോഗാനുസരണം ഭക്ഷണക്രമ നിർദ്ദേശങ്ങൾക്ക് ഡയറ്റീഷ്യന്റെ സേവനവും, തൊഴിൽ പരിശീലന പദ്ധതികളും സംഘടിപ്പിച്ചിട്ടുണ്ട്. രോഗികളുടെയും കുടുംബാംഗങ്ങളുടെയും സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയുന്നതിന് സോഷ്യൽ വർക്ക് സേവനം, കുട്ടികളിൽ ഉണ്ടാകുന്ന വളർച്ചാ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചൈൽഡ് ഗൈഡൻസ് എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തിവരുന്നു.

എൻകെ മാത്യു ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ സെറിബ്രൽ പാഴ്സി ബാധിച്ച കുട്ടികളുടെ ചികിത്സക്കായി എൻകെ ജോർജിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനം 2012 ലാണ് സാമൂഹികനീതി വകുപ്പിന്റെ കീഴിൽ സർക്കാർ ഏറ്റെടുത്തത്. വെർച്വൽ റിയാലിറ്റി പോലുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയുള്ള ചികിത്സാ രീതികളാണ് ഇവിടെ ലഭ്യമാക്കുന്നത്. ഭിന്നശേഷി പുനരധിവാസ രംഗത്തെ അടുത്ത ചുവടുവയ്പ്പായി ഒക്യുപേഷണൽ തെറാപ്പി, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിൽ ഡി. എഡ് പഠനകോഴ്സുകൾ ആരംഭിക്കും.

## ലീഗൽ കം പ്രൊബേഷൻ ഓഫീസർ നിയമനം

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ലീഗൽ കം പ്രൊബേഷൻ ഓഫീസർ തസ്തികകയിൽ നിയമനം നടത്തുന്നു. 2019 ജൂൺ 26 ന് 36 വയസ്സ് കവിയാത്ത എൽഎൽബി ബിരുദമുള്ള തൃശൂർ ജില്ലകാർക്ക് അപേക്ഷിക്കാം. അപേക്ഷ ജൂലൈ 10 വൈകീട്ട് അഞ്ചിനകം ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, അയ്യന്തോൾ, തൃശൂർ 680003 എന്ന വിലാസത്തിൽ നൽകണം. കൂടുതൽ വിവരങ്ങൾ www.wcd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2364445, 7012196610.

## യോഗ പരിശീലനം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ആറു മാസത്തെ യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ്സ് പാസ്സായാവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോം www.srccc.in എന്ന വെബ് സൈറ്റിൽ ലഭിക്കും. വിശദാംശങ്ങൾ www.src.kerala.gov./www.srccc.in എന്ന വെബ് സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15. ജില്ലയിലെ പഠനകേന്ദ്രം: ഗുരുവായൂർ- 8489999010, പാമ്പാടി-9447077203.

## ലേലം

തൃശൂർ സബ്സിഡിയറി സെൻട്രൽ പോലീസ് കാന്റീൻ ഗോഡൗണിലെ കാർട്ടൻ ബോക്സ് ജൂലൈ രണ്ട് രാവിലെ 11 ന് ലേലം ചെയ്യും. ഫോൺ : 0487-2328770.

# താൽക്കാലിക നിയമനം

അയ്യന്തോൾ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഫിസിക്സ് സീനിയർ അദ്ധ്യാപക തസ്തികകയിൽ താൽക്കാലിക നിയമനം നടത്തുന്നു. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ ഒന്നിന് രാവിലെ 11 ന് എത്തണം. ഫോൺ : 0487-2363437.

# കരാർ നിയമനം

തൃശൂർ ദാരിദ്ര്യലഘൂകരണ വിഭാഗം ഐടിപി തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജിയിൽ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബി.ടെക് അല്ലെങ്കിൽ ബികോമും പിജിഡിസിഎയുമാണ് യോഗ്യത. താൽപര്യമുള്ളവർ ജൂലൈ ആറിന് രാവിലെ 10 ന് പരീക്ഷയ്ക്കും തുടർന്നുള്ള അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2365719, 2365721.

# വാക്ക്-ഇൻ-ഇന്റർവ്യൂ

ഭൂവിനിയോഗ ബോർഡ് തൃശൂർ മേഖലാ കാര്യാലയത്തിൽ കരാറടിസ്ഥാനത്തിൽ കൃഷി ഓഫീസർ, പ്രോജക്ട് സയിന്റിസ്റ്റ് എന്നീ തസ്തികളിൽ നിയമനം നടത്തുന്നു. ബിഎസ്സി അഗ്രിക്കൾച്ചർ ആണ് കൃഷി ഓഫീസറുടെ യോഗ്യത. ജിയോളജി, ജ്യോഗ്രാഫി, ബോട്ടണി, പ്ലാന്റ് സയൻസ്, ഫോറസ്ട്രി എന്നിവയിൽ എതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് പ്രോജക്ട് സയിന്റിസ്റ്റിന്റെ യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം ജൂലൈ നാല് രാവിലെ 10 ന് തൃശൂർ പാട്ടുരായ്ക്കൽ മുനിസിപ്പൽ ഷോപ്പിങ് കോംപ്ലക്സിലെ ഭൂവിനിയോഗ ബോർഡ് മേഖലാ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2321868.

# ഓണത്തിനൊരു മുറം പച്ചക്കറി ഉദ്ഘടനം ചെയ്തു

തളിക്കുളം പഞ്ചായത്തും കൃഷിഭവനും ചേർന്ന് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. കർഷകനായ വിജയന്റെ കൃഷിത്തോട്ടത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ഐ സജിത പദ്ധതി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ഹാറൂൺ റഷീദ് അധ്യക്ഷത വഹിച്ചു. 7200 ഓളം വിത്ത് പാക്കറ്റുകളാണ് തളിക്കുളം കൃഷിഭവന്റെ പരിധിയിൽ വിതരണം ചെയ്യുന്നത്. 5000 വിത്ത് പാക്കറ്റുകൾ കൃഷിഭവന്റെ പരിധിയിൽ ഉള്ള 8 സ്കൂളുകളിലെ കുട്ടികൾക്കും 2020 പാക്കറ്റുകൾ കർഷകർക്കും നൽകും. 760 വിത്ത് പാക്കറ്റുകൾ വിവിധ ഗ്രൂപ്പുകളായി പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് നൽകും. 20000 പച്ചക്കറി തൈകളാണ് ഓണത്തിന് വിളവെടുക്കാനായി വിതരണം ചെയ്യുന്നത്. 15000 തൈകളുടെ വിതരണം ഇതുവരെ നടന്നു. വൈസ് പ്രസിഡന്റ് എം. കെ. ബാബു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ഇപികെ സുഭാഷിതൻ, കെ. കെ രജനി, മെമ്പർമാരായ സിന്ധു ബാലൻ, ഇ വി കൃഷ്ണഘോഷ്, കൃഷി ഓഫീസർ എടി ഗ്രേസി, കൃഷി അസിസ്റ്റന്റ് എംഎം ഹസീബ്, പഞ്ചായത്തിലെ കർഷകരും പങ്കെടുത്തു.

# കോസ്റ്റൽ വാർഡൻ പ്രഥമ ബാച്ച് പാസിങ് ഔട്ട് പരേഡ് 30ന്

കേരള പോലീസ് കോസ്റ്റൽ വാർഡൻ പ്രഥമ ബാച്ചിൻെറ പാസിങ് ഔട്ട് പരേഡ് ജൂൺ 30 ന് രാവിലെ 7.15 ന് തൃശൂർ രാമവർമ്മപുരം പോലീസ് അക്കാദമിയിൽ നടക്കും. മുഖ്യമന്ത്രി പിണ റായി വിജയൻ അഭിവാദ്യം സ്വീകരിക്കും. ട്രെയിനിങ് എ.ഡി.ജി.പിയും പോലീസ് അക്കാദമി ഡയറ ക്ടറുമായ ഡോ. ബി. സന്ധ്യ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എന്നിവർ പ ങ്കെടുക്കും.

# നാട്ടികയിൽ ഞാറ്റുവേല ചന്ത

നാട്ടിക ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ ഞാറ്റുവേല ചന്തയുടെ ഉദ്ഘാടനവും കൃഷി ഭവനിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.വിനു നിർവഹിച്ചു. വൈസ് പ്രസിഡണ്ട് കെ.എ ഷൗക്കത്തലി അധ്യക്ഷത വഹിച്ചു. തളിക്കുളം കൃഷി അസി.ഡയറക്ടർ ജോസഫ് ജോഷി വർഗീസ്, കൃഷി ആഫീസർ കെ.ആർ. പ്രീത എന്നിവർ പദ്ധതി വിശദീകരണം നടത്തി. അത്യുൽപ്പാദനശേഷിയുള്ള ഹൈബ്രിഡ് ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും ചെണ്ട് മല്ലിയും പച്ചക്കറി വിത്തുകളും നാടൻ പച്ചക്കറിയും വിൽപ്പനക്ക് ലഭ്യമാണ്. സ്റ്റാന്റിങ്ങ് കമ്മറ്റി അധ്യക്ഷൻമാരായ ബിന്ദു പ്രദീപ്, ഇന്ദിരാ ജനാർദ്ദനൻ, പി എം സിദ്ദിഖ്, മെമ്പർമാരായ എൻ കെ ഉദയകുമാർ, പ്രവിത അനൂപ്, ലളിത മോഹൻദാസ്, കൃഷി അസിസ്റ്റൻറ് ടിഒ കുഞ്ഞില, സരിത കെഎം, ഷംനാസ് ഷെരീഫ്, അസ്മ എന്നിവർ പങ്കെടുത്തു. ഞാറ്റുവേല ചന്ത കൃഷിഭവനിൽ വെള്ളി, ശനി ദിവസങ്ങളിലും തുടരും.

**തുടരും**